# സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ

കേരളത്തിലെ 35 ലക്ഷം ബിപിഎൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പുറമേ

## എപിഎൽ കുടുംബങ്ങൾക്കും അംഗത്വം നൽകുന്നു.

എപിഎൽ അംഗത്വ രജിസ്ട്രേഷൻ അക്ഷയ കേന്ദ്രങ്ങളിൽ
2010 ആഗസ്റ്റ് 5, 6, 7, 8, 9 എന്നീ തീയതികളിൽ
കുടുംബനാഥനോ ചുമതലപ്പെട്ട ആളോ വിലാസം തെളിയിക്കുന്ന ഏതെങ്കിലും സർക്കാർ അംഗീകൃത രേഖയുമായി അക്ഷയ കേന്ദ്രത്തിലേക്ക് കടന്നുചെല്ലൂ.

**രജിസ്ട്രേഷന് കുടുംബത്തെ സംബന്ധിച്ച ഇനി പറയുന്ന വിവരങ്ങൾ കരുതേണ്ടതാണ്.**

ജില്ല, താലൂക്ക്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, വില്ലേജ്, വാർഡ് നമ്പർ, വീട്ടു നമ്പർ, കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ (കുടുംബനാഥൻ ഉൾപ്പെടെയുള്ള പരമാവധി അഞ്ച് കുടുംബാംഗങ്ങളുടെ പേര്, പ്രായം, സ്ത്രീയോ പുരുഷനോ എന്നീ വിവരങ്ങൾ), വിലാസം, റേഷൻ കാർഡ് നമ്പർ (നിർബന്ധമില്ല), ഫോൺ നമ്പർ (നിർബന്ധമില്ല).

**കേരളത്തിലെ 1910 അക്ഷയ കേന്ദ്രങ്ങളിലും രജിസ്ട്രേഷൻ സൗകര്യമുണ്ട്.** ഏതു കേന്ദ്രത്തിലും രജിസ്റ്റർ ചെയ്യാം. തീയതി ദീർഘിപ്പിക്കുന്നതല്ല.

**ഓർക്കേണ്ടത്**

- അംഗത്വ രജിസ്ട്രേഷന് പ്രീമിയം തുകയായ 464 രൂപയും രജിസ്ട്രേഷൻ ഫീസായ 30 രൂപയും ചേർത്ത് 494 രൂപ അക്ഷയ കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്.
- അക്ഷയ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന 'രസീത്-കം-രജിസ്ട്രേഷൻ നോട്ട്' സൂക്ഷിച്ചുവയ്ക്കണം.
- കഴിഞ്ഞ വർഷം എപിഎൽ കാർഡ് നേടിയവരും ഇപ്പോൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പ്രത്യേകം ഓർക്കേണ്ടത്**

- രജിസ്റ്റർ ചെയ്യുന്ന എപിഎൽ കുടുംബങ്ങളുടെ വിവരശേഖരം കേന്ദ്ര സർക്കാരിന് കൈമാറും. കേന്ദ്ര സർക്കാർ ഓരോ കുടുംബത്തിനും തനത് ബന്ധുത്വ നമ്പർ (URN) നൽകി സാങ്കേതിക അനുമതി നൽകുന്ന മുറയ്ക്ക് കുടുംബാംഗങ്ങളുടെ ഫോട്ടോയും വിരലടയാളവും എടുത്ത് സംസ്ഥാന സർക്കാർ സ്മാർട്ട് കാർഡ് നൽകും. സ്മാർട്ട് കാർഡ് വിതരണ കേന്ദ്രങ്ങളും തീയതിയും പിന്നീട് അറിയിക്കും.

- ജനറൽ വാർഡിൽ കിടന്നുള്ള ചികിത്സയ്ക്കു മാത്രമെ പദ്ധതി പ്രകാരം സൗജന്യചികിത്സ ലഭിക്കുകയുള്ളു.
- ഇപ്പോൾ നൽകുന്ന എപിഎൽ സ്മാർട്ട് കാർഡിന് 2011 മാർച്ച് 31 വരെ മാത്രമെ കാലാവധി ഉണ്ടായിരിക്കുകയുള്ളു.
- അഞ്ചംഗ കുടുംബത്തിന് കമ്യൂണിറ്റി ഹെൽത്ത് സെന്റർ മുതലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ-സഹകരണ ആശുപത്രികളിലും (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) മുൻകൂട്ടി നിശ്ചയിച്ച നിരക്കുകളിൽമേൽ പ്രതിവർഷം 30,000 രൂപയുടെ വരെ സൗജന്യചികിത്സ ലഭിക്കും.
- ഒരു കുടുംബം രണ്ടു കാർഡുകൾ കരസ്ഥമാക്കാൻ പാടില്ല. കരസ്ഥമാക്കിയാൽ രണ്ടു കാർഡുകളും അസാധുവാക്കുന്നതാണ്.

**ബിപിഎൽ അംഗത്വം നൽകൽ ഒന്നാംഘട്ടം പൂർത്തിയായി.**

**രണ്ടാംഘട്ടം പുരോഗമിക്കുന്നു.**

**ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഉൾപ്പെടാതെപോയ അർഹരായ ബിപിഎൽ കുടുംബങ്ങളുടെ ലിസ്റ്റ് തയാറാക്കി അംഗത്വം നൽകാനുള്ള നടപടികൾ തുടരുന്നതാണ്.**

എപിഎൽ കുടുംബങ്ങൾക്കായി കേരള സർക്കാർ ഒരുക്കുന്ന പ്രത്യേക സ്നേഹവായ്പ്.

**സ്മാർട്ട് കാർഡ് നേടൂ, ആരോഗ്യജീവിതം ഉറപ്പാക്കൂ.**

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കൂ www.chiak.org

കേരള സർക്കാർ Chiak ചിയാക് അക്ഷയ UNITED INDIA Insurance Partner RSBY ചിസ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി